**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1138** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാൽ ഗുണമേന്മ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | അന്യസംസ്ഥാനത്ത് നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാറുണ്ടോ; ഗുണമേന്മയിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലമാണ്; വ്യക്തമാക്കുമോ; | (എ) | പരിശോധിക്കാറുണ്ട്. ഗുണമേന്മയിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ക്ഷീരവികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്.<br><br>പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഫുഡ് സേഫ്റ്റി ഓഫീസർക്ക് കൈമാറുകയാണ് ചെയ്യുന്നത്.<br><br>ഭക്ഷ്യ സുരക്ഷ വകുപ്പ് ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നതുൾപ്പെടെയുള്ള സംസ്ഥാനത്ത് എത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. ഓണം പോലുള്ള ആഘോഷ |

| | | | |
|---|---|---|---|
| | | | വേളകളിൽ പ്രത്യേക ഭക്ഷ്യസുരക്ഷാ സ്‌ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തുന്നുണ്ട്. . 2020 ഏപ്രിൽ മുതൽ നാളിതു വരെ നടത്തിയ ഇത്തരം പരിശോധനകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നതുൾപ്പെടെയുള്ള 5556 പാൽ പരിശോധനകൾ നടത്തുകയും 617 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയതിൽ 34 സാമ്പിളുകൾ Unsafe ആയും 9 സാമ്പിളുകൾ Substandard ആയും പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. നിയമനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 25 പ്രോസിക്യൂഷൻ കേസുകളും 9 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ; | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകളിൽ സൗജന്യമായി പാൽ പരിശോധിച്ചു നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br><br>സർക്കാർ ധനസഹായത്തോടെ കേരളത്തിലെ ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി വഴി ക്ഷീരകർഷകർ അവരുടെ കുടുംബാഗംങ്ങൾ, കറവമാടുകൾ, ക്ഷീരസംഘം ജീവനക്കാർ എന്നിവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, |

| | | | |
|---|---|---|---|
| | | | മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. |
| (സി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ നൽകാമോ? | (സി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ ക്ഷീരവികസന മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയുടെയും വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.<br>1) റൂറൽ ഡയറി എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി സർവ്വീസ് – 63,000/- രൂപ<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതി – 2,06,507/- രൂപ<br>3) ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം – 2,17,652/- രൂപ<br>4) ഇൻവെസ്റ്റ്മെന്റ് ടു ഡി.സി.എസ് – ഇല്ല<br>5) മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം – 6,94,500/- രൂപ<br>6) കാലിത്തീറ്റ സബ്സിഡി – 1,00,000/- രൂപ<br>7) ഗുണനിയന്ത്രണ ലാബിന്റെ ശാക്തീകരണം – 7,500/- രൂപ<br>8) ത്രിതല പഞ്ചായത്ത് പദ്ധതികൾ - 34,83,513/- രൂപ |

സെക്ഷൻ ഓഫീസർ